**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 195** 18.03.2015- ൽ മറുപടിക്ക്

## "റൈസിംഗ് കേരള പദ്ധതി"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. കെ.മുരളീധരൻ**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. എ.റ്റി.ജോർജ്** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് റൈസിംഗ് കേരള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) | കേരള സർക്കാർ റൈസിംഗ് കേരള എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ ചെറുകിട വ്യവസായികളുടെ പ്രത്യേകിച്ചും മലബാർ മേഖലയിലെ പൊതുവായുള്ള വളർച്ച ലക്ഷ്യം വെച്ച് ജില്ലയിലെ ചെറുകിട വ്യവസായികളുടെ സംഘടനയായ കെ.എസ്.എസ്.ഐ.എ ജില്ലാ കമ്മിറ്റിയും ഫുട്ട് വെയർ ഡിസൈൻ ആന്റ് ഡെവലപ്മെന്റ് സെന്റർ, കോഴിക്കോട്, കോമൺ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫുട്ട് വെയർ ഇൻഡസ്ട്രി എന്നിവയും സംയുക്തമായി 2014 നവംബർ 25,26 തീയതികളിൽ കോഴിക്കോട് സംഘടിപ്പിച്ച അന്താരാഷ്ട്ര വ്യവസായ പ്രദർശന മേളയും അതിനോടനുബന്ധിച്ച് നടത്തിയ മറ്റു പരിപാടികളും അടങ്ങുന്നതാണ് റൈസിംഗ് കേരള 2014. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | ബി) & സി) | വ്യവസായ മേഖലയിലെ പുതിയ പ്രവർത്തനങ്ങളും അവസരങ്ങളും സംരംഭകർക്ക് ബോദ്ധ്യപ്പെടുത്തുക.<br>സാങ്കേതിക വിദഗ്ദ്ധരുമായും മെഷിനറി, അസംസ്കൃത പദാർത്ഥങ്ങൾ എന്നിവയുടെ |

| | | |
|---|---|---|
| സി) | സംസ്ഥാനത്തിന്റെ വിഭവശേഷി വികസനം പരമാവധി പ്രയോജനപ്പെടുത്തി സംരംഭകത്വം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | നിർമ്മാതാക്കളുമായും വിതരണക്കാരുമായും സംരംഭകരെ ബന്ധപ്പെടുത്തുക മുതലായ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | ഡി) ജില്ലാ വ്യവസായ കേന്ദ്രം കോഴിക്കോട് ഈ മേളയുമായി സഹകരിക്കുകയുണ്ടായി. ഈ മേളയുമായി ചേർന്ന് ജില്ലാ വ്യവസായ കേന്ദ്രം 5 ലക്ഷം രൂപ ചെലവഴിച്ച് മെഷീനറി പ്രദർശന മേള നടത്തുകയുണ്ടായി. ഈ മേളയിൽ പങ്കെടുക്കുന്നതിന് വ്യവസായ വകുപ്പിനും കെ.ബിപ്പിനും വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും അനുമതി നൽകുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**